മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

ജീവനക്കാര്യം: പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന സർവ്വകലാശാലയിൽ നിയമനം ലഭിച്ചിട്ടുള്ള അസിസ്റ്റന്റുമാരുടെയും കമ്പ്യൂട്ടർ അസിസ്റ്റന്റുമാരുടെയും സർട്ടിഫിക്കറ്റുകളുടെ പരിശോധന നടത്തി രേഖകൾ പി. എസ്. സി. യ്ക്ക് നൽകുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ - നടത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഭരണവിഭാഗം എ1 സെക്ഷൻ**

നം. 4920/എ1/4/2018/ഭരണവിഭാഗം തീയതി, പ്രിയദർശിനി ഹിൽസ്, 18.06.2018

സൂചന: രജിസ്ട്രാറുടെ 16.06.2018 തീയതിയിലെ കുറിപ്പ് നമ്പർ. രജി/2/178/2018.

## ഉത്തരവ്

പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന സർവ്വകലാശാലയിൽ നിയമനം ലഭിച്ചിട്ടുള്ള അസിസ്റ്റന്റുമാരുടെയും കമ്പ്യൂട്ടർ അസിസ്റ്റന്റുമാരുടെയും സർട്ടിഫിക്കറ്റുകളുടെ പരിശോധന നടത്തി ആവശ്യമായ രേഖകൾ പി. എസ്. സി. യ്ക്ക് നൽകുന്നതിനായി Ad. C I, Ad. C II, Ad. C III എന്നീ സെക്ഷനുകളെ ചുമതലപ്പെടുത്തിക്കൊണ്ടും, ഇതിനാവശ്യമായ രേഖകൾ Ad. A I, Ad. A IV എന്നീ സെക്ഷനുകളിലെ സെക്ഷൻ ഓഫീസർമാർ Ad. C സെക്ഷനുകൾക്ക് കൈമാറേണ്ടതാണെന്നും, ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന ക്രമീകരണങ്ങൾ നടത്തിക്കൊണ്ടും സൂചന പ്രകാരം രജിസ്ട്രാർ ഉത്തരവായിരിക്കുന്നു.

1. പി. എസ്. സി. യുടെ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ആവശ്യമായ രേഖകൾ സമർപ്പിക്കുന്നത് സംബന്ധിച്ച ജോലികൾ ചെയ്യുന്നതിന് CBCSS XXVII സെക്ഷനിലെ ശ്രീ. ഉല്ലാസ് സോമൻ, EH VIII സെക്ഷനിലെ ശ്രീ. വിപിൻ പ്രസാദ് ജി എന്നീ അസിസ്റ്റന്റുമാരെ ചുമതലപ്പെടുത്തിക്കൊണ്ട് Ad. C I സെക്ഷനിലേക്ക് താൽകാലികമായി സ്ഥലംമാറ്റി നിയമിച്ചിരിക്കുന്നു.

2. 2018 ജൂൺ 18 നു ആരംഭിച്ച് 10 ദിവസത്തിനകം നിർദ്ദിഷ്ട ജോലികൾ ചെയ്തു തീർക്കേണ്ടതാണ്.

3. പ്രവൃത്തി സമയത്തിനു ശേഷവും ജോലി ചെയ്യുവാൻ മേൽ പരാമർശിച്ച അസിസ്റ്റന്റുമാരെയും Ad. C സെക്ഷനുകളിലെ ജീവനക്കാരെയും അനുവദിച്ചിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ശ്രീകുമാർ കെ ആർ
ഡെപ്യൂട്ടി രജിസ്ട്രാർ I (ഭരണവിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

പകർപ്പ്:

1. ബന്ധപ്പെട്ട വ്യക്തികൾ / സെക്ഷനുകൾ
2. വൈസ് ചാൻസിലർ/ പ്രൊ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ / പരീക്ഷാ കൺട്രോളർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
4. എ.ആർ/ഡി.ആർ/ജെ.ആർ (ഭരണ വിഭാഗം/ഫിനാൻസ് വിഭാഗം/പരീക്ഷാ വിഭാഗം/ അക്കാദമിക് വിഭാഗം)
5. എസ്. ഒ./ എ.ആർ., Ad. C. I/II/III/ Ad. A I/IV/ CBCSS XXVII/ EH VIII
6. ഫിനാൻസ് I/V/എഫ്.സി.സി/കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ
7. ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്, എം.ജി. യൂണിവേഴ്സിറ്റി/ റെക്കോർഡ്സ്/ഐ.ക്യൂ.എ.സി.
8. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

ഫയൽ നം. എഡി. എ1-4-13/2018

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം